(സി) ഇപ്പോഴം നിലവിലില്ല. രൂപീകരിക്കുന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

തടവുപുള്ളികൾക്ക് പഠിക്കാൻ സൗകര്യം

838. [1274] ശ്രീ. സി. എ. കുര്യൻ:
ശ്രീ. എം. കെ. കേശവൻ:
ശ്രീ. വി. കെ. രാജൻ:
ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജയിലിൽ അദ്ധ്യയനം നടത്തുന്നതിന് എന്തെങ്കിലും ഏർപ്പാടുകൾ ഇപ്പോഴുണ്ടോ; ഉണ്ടെങ്കിൽ ഏതു ജയിലുകളിൽ എന്തെല്ലാം ഭാഷകളിൽ അദ്ധ്യയനം നടത്തുന്നു?

ഉത്തരം

ഉണ്ട്. തിരുവനന്തപുരം, കണ്ണൂർ, എന്നിവിടെയുള്ള സെൻട്രൽ ജയിലുകളിൽ മലയാളത്തിൽ അദ്ധ്യയനം നടത്തുന്നതിനുവേണ്ടി പരിശീലനം ലഭിച്ച ഓരോ അദ്ധ്യാപകനെ നിയമിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ സെൻട്രൽ ജയിലിൽ മുസ്ലീം തടവുകാർ താത്തമ്യേന കൂടുതലുള്ളതുകൊണ്ട് അറബി ഭാഷാ പരിശീലനം ലഭിച്ച ഒരദ്ധ്യാപകനെ നിയമിച്ചിട്ടുണ്ട്. വിദ്യാഭ്യാസ യോഗ്യതയുള്ള തടവുകാരുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്.

പോലീസ് കോൺസ്റ്റബിൾമാരുടെ സെലക്ഷൻ

839. [1275] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ സെലക്ഷൻ ഇപ്പോഴാരാണ് നടത്തി വരുന്നത്;

(ബി) ഇന്നത്തെ സെലക്ഷൻ സമ്പ്രദായം അനുസരിച്ച് അർഹതയില്ലാത്ത പലരും പോലീസ് കോൺസ്റ്റബിൾമാരായി നിയമിക്കപ്പെടുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ നിയമനങ്ങൾ പി. എസ്. സി. ക്കു വിടുന്നതിനുള്ള ബുദ്ധിമുട്ട് എന്താണെന്ന് വിശദീകരിക്കുമോ;

(ഡി) ഈ നിയമനങ്ങൾ പി. എസ്. സി. ക്കു വിടാൻ സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിനേയോ ബന്ധപ്പെട്ട സായുധ സേനാ ബെറ്റാലിയനിലെ കമാണ്ടൻറിനേയോ ചെയർമാനായി നിയമിച്ചു കൊണ്ട് റേഞ്ച് ഡി. ഐ. ജി. രൂപീകരിക്കുന്ന ബോർഡാണ് പോലീസ് കോൺസ്റ്റബിൾമാരുടെ തിരഞ്ഞെടുപ്പു നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അർഹതയില്ലാത്ത ആരേയും പോലീസ് കോൺസ്റ്റബിൾ മാരായി നിയമിച്ചിട്ടില്ല.

(സി, ഡി) ഇപ്പോൾ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ അയച്ചു തരുന്ന ലിസ്റ്റിൽ നിന്നുമാണ് പോലീസ് കോൺസ്റ്റബിൾമാരെ തിരഞ്ഞെടുക്കുന്നത്. ഈ സമ്പ്രദായം ഇപ്പോൾ മാറ്റാൻ ഉദ്ദേശമില്ല.

പോലീസുകാരുടെ സ്ഥലം മാറ്റം

840 [1276] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് ഉദ്യോഗസ്ഥൻമാർ ഒരു സ്റ്റേഷനിൽ ഒരു വർഷത്തിൽ കൂടുതൽ ജോലി നോക്കാതിരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം.

അപ്രകാരം ഒരു തീരുമാനം എടുത്തിട്ടില്ല.

പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങുന്നതായി പരാതി

841 [1277] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങുന്ന വിവരം തെളിവുസഹിതം ഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ പ്രസ്തുത ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

സ്വീകരിക്കും.

ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികളുടെ അറസ്റ്റ്

842 [1278] ശ്രീ. എസ്. തങ്കപ്പൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ ഏതാനും വിദ്യാർത്ഥികളെ ഇക്കഴിഞ്ഞ ജനുവരി 25-ാം തീയതി പോലീസ് അറസ്റ്റു ചെയ്യുകയുണ്ടായോ;

(ബി) എങ്കിൽ അറസ്റ്റിനുള്ള കാരണം എന്തായിരുന്നു?

ഉത്തരം

(എ) അറസ്റ്റു ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly